**'ഭരണഭാഷ മാതൃഭാഷ'**

WEC2-13074/2021

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 10/02/2022
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നം: 0471-2346534

**പരിപത്രം**

വിഷയം:-വനിത ശിശു വികസന വകുപ്പ് - വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം 2021-22 - അപേക്ഷ സമർപ്പിക്കുന്ന കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് സംബന്ധിച്ച്.

സൂചന:- (1) ഈ കാര്യാലയത്തിൽ നിന്നുള്ള 12/08/2021 ലെ WEC-2/**13074**/21 നം. 'വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായ പദ്ധതി' പരിപത്രം
(2) ഈ കാര്യാലയത്തിൽ നിന്നുള്ള 15/09/2021 ലെ WEC-2/7252/21 നം. പരിപത്രം
(3) ഈ കാര്യാലയത്തിൽ നിന്നുള്ള 26/10/2021 ലെ WEC-2/7252/21 നം. പരിപത്രം
(4) ഈ കാര്യാലയത്തിൽ നിന്നുള്ള 15/11/2021 ലെ WEC-2/7252/21 നം. പരിപത്രം

വകുപ്പിൽ നിന്നും വിദ്യാഭ്യാസ ധനസഹായം അനുവദിച്ചുവരുന്ന 'വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം' എന്ന പദ്ധതിയ്ക്കായി 2021-22 സാമ്പത്തിക വർഷത്തിലേയ്ക്ക് സൂചന (1) പ്രകാരം അപേക്ഷ ക്ഷണിച്ചുകൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ കോവിഡ് പശ്ചാത്തലം പരിഗണിച്ചും, സ്കൂളുകളിലും കോളേജുകളിലും അഡ്മിഷൻ നടപടിക്രമങ്ങൾ പൂർത്തിയാകാത്ത സാഹചര്യത്തിലും, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കാത്ത സാഹചര്യത്തിലും, ടി പദ്ധതിയിക്കായി അപേക്ഷിക്കുന്നതിനുള്ള കാലാവധി സൂചന (2) മുതൽ (4) പ്രകാരം ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. കോവിഡ് പശ്ചാത്തലത്തിൽ വിദ്യാഭ്യസ സ്ഥാപനങ്ങളിൽ അഡ്മിഷൻ നടപടിക്രമങ്ങൾ പൂർത്തിയാകുവാൻ കാലതാമസം ഉണ്ടായ സാഹചര്യം പരിഗണിച്ച് ടി പദ്ധതിയ്ക്കായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2022 ഫെബ്രുവരി 20 വരെ ദീർഘിപ്പിക്കുന്നു.

ലഭിച്ച അപേക്ഷകളിൽ നിന്നും ടി പദ്ധതി മാനദണ്ഡപ്രകാരം അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ക്രോഡീകരിച്ച് അതത് ജില്ലാ ഓഫീസർമാർ 25 ഫെബ്രുവരി 2022 ന് മുൻപ് അലോട്ട്മെന്റിനായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് വ്യാപകമായ പരസ്യം പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിൽക്കൂടി നൽകേണ്ടതും, സാമ്പത്തിക വർഷം അവസാനമായതിനാൽ സമയപരിധി കർശനമായും



Sk/

പാലിക്കേണ്ടതുമാണ്. ICDS/ജില്ലാ ഓഫീസുകളിൽ Pending/rejected അപേക്ഷകളുണ്ടെങ്കിൽ അപാകതകൾ പരിഹരിച്ച് അർഹതയുള്ള എല്ലാ അപേക്ഷകർക്കും ധനസഹായം ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം എല്ലാ സി.ഡി.പി.ഒ മാർക്കും നൽകേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

പകർപ്പ്

1. സൂപ്രണ്ട്, ആഡിറ്റ് സെക്ഷൻ
2. ഫിനാൻസ് ഓഫീസർ
3. ഡയറക്ടറുടെ സി.എ
4. സ്റ്റോക്ക് ഫയൽ



Sk/